# UDAYADEEPA



VOL. XVII ISSUE - 10
OCTOBER-2025 BELTHANGADY

# DIOCESE OF BELTHANGADY



*Episcopal Consecration &*
*Installation Ceremony of*
**Rev. Msgr. JAMES PATTERIL CMF**



**5**
**2025**
**Wednesday**
**November**
**@ 08:45 am**

**St. Lawrence**
**Cathedral**
**Belthangady**

With profound gratitude to God Almighty, we have the honour to cordially invite you to the Episcopal Consecration and Installation of **Rev. Msgr. James Patteril** CMF, the newly appointed Bishop of the Eparchy of Belthangady to be held **on the 5th November 2025 at 8.45 a.m. at St. Lawrence Cathedral, Belthangady.** His Beatitude, **Mar Raphael Thattil,** the Major Archbishop of Syro-Malabar Church, will be the Chief Consecrator of the Ceremony and His Grace, **Mar Joseph Pamplany,** the Archbishop of Thalaserry and His Excellency, **Mar Lawrence Mukkuzhy** the Bishop of Belthangady, will be the Co-Consecrators. His Grace, **Mar Joseph Pamplany** will deliver the Homily.

Installation Ceremony will be followed by a Felicitation Meeting to felicitate **Mar James Patteril** CMF and to acknowledge the meritorious service of **Mar Lawrence Mukkuzhy** for the last 26 years. His Grace, **Mar Andrews Thazhath,** President, CBCI, will preside over the Meeting. **Most Rev. Peter Machado,** the Archbishop of Bangalore will inaugurate the Felicitation Meeting.

Ecclesiastical Dignitaries and Dignitaries from Civil Society will grace the Function. Your valuable presence is highly solicited for this solemn occasion.

**Msgr. Joseph Valiaparambil**
General Convener

**Mar Lawrence Mukkuzhy**
Bishop of Belthangady

**RSVP : 9481039879, 9448858925, 9731411658 / 9845804598**

# Programme

- **Public Reception**
- **Episcopal Consecration, Holy Installation and Qurbana**
- **Felicitation and Thanksgiving Meeting**

| | |
|---|---|
| **Prayer** | : **Diocesan Choir** |
| **Welcome** | : **Rev. Fr. Mathew Alapatt**<br>Co-ordinator, Episcopal Consecration Committee |
| **Blessings** | : **His Beatitude, Mar Raphael Thattil**<br>Major Archbishop of Syro- Malabar Church |
| **Inauguration** | : **His Grace, Most Rev. Dr. Peter Machado**<br>Metropolitan Archbishop of Bangalore |
| **Presidential Address** | : **His Grace, Mar Andrews Thazhath**<br>President, CBCI |
| **Papal Message** | : **Rev. Msgr. Andrea Francia**<br>Deputy of the Apostolic Nuncio |
| **Felicitation Song** | : **Sr. Reshmi Maria CMC And Team** |
| **Voice of the New Shepherd** | : **Mar James Patteril CMF**<br>New Bishop of Belthangady |
| **Felicitation** | : **Rev. Fr. Mathew Vattamattam CMF**<br>Superior General of Claretians, Rome |
| **Felicitation** | : **Rev. Fr. Thomas Kannamkal**<br>Secretary, Presbyterium |
| **Felicitation** | : **Rev. Sr. Liss Mathew S.H.**<br>Superior, Marymatha Region |
| **Felicitation** | : **Mr. Bitty Nedunilam**<br>President, KSMCA |
| **Felicitation** | : **Rev. Fr. Siby Njavallikunnel CMF**<br>Provincial Superior, St. Thomas Syro-Malabar Province, Karukutty |
| **Reply** | : **His Excellency, Mar Lawrence Mukkuzhy**<br>Bishop of Belthangady |
| **Vote of Thanks** | : **Mrs. Jecintha Puthenpura**<br>Secretary, Diocesan Pastoral Council |

***Papal Anthem***

# UDAYADEEPA BELTHANGADY
# ಉದಯದೀಪ ಬೆಳ್ತಂಗಡಿ
# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

TO LOVE AND TO SERVE

Vol. XVII Issue-10 October - 2025 Page- 96

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439

# CONTENTS

| | | |
|---|---|---|
| 01. | Pastoral Letter : Major Arch Bishop | 07 |
| 02. | Circular Letter No.13 : Bp. Lawrence Mukkuzhy | 13 |
| 03. | Pastoral Letter No : 05/2025 | 15 |
| 04. | World Mission Day : Pope Francis | 21 |
| 05. | Pastoral Letter : Major Arch Bishop | 30 |
| 06. | Circular Letter No.11 : Bp. Lawrence Mukkuzhy | 36 |
| 07. | Circular Letter No. 12 : Bp. Lawrence Mukkuzhy | 39 |
| 08. | Reply of Pope Leo XIV | 41 |
| 09. | Notifications from the Chancellery | 42 |
| 10. | Preparations for Episcopal Consecration | 46 |
| 11. | Circular : Major Arciepiscopal Curia | 62 |
| 12. | Synodal Amendments | 65 |
| 13. | Liturgical Principles | 66 |
| 14. | Catechism Department News | 70 |
| 15. | Bible Apostolate | 79 |
| 16. | Family Apostolate | 85 |
| 17. | Social Service Department | 86 |
| 18. | Photo Gallery | 89 |
| 19. | Bishop's Diary | 94 |
| 20 . | Bishop's Engagements | 95 |

-Prot. No. 0711/2025

## സർക്കുലർ

# സമുദായ ശക്തീകരണവർഷം - 2026

സീറോമലബാർസഭയുടെ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'സഭ ആധുനികലോകത്തിൽ എന്ന പ്രമാണരേഖ സഭയും ലോകവും തമ്മിലുള്ള ബന്ധം ഇങ്ങനെയാണ് അവതരിപ്പിക്കുന്നത്. സഭയും ലോകവും രണ്ടു വ്യത്യസ്ത ധ്രുവങ്ങളിൽ നില്ക്കുന്ന യാഥാർഥ്യങ്ങളല്ല. ലോകത്തിന്റെ മൂല്യ ക്രമമല്ല പിന്തുടരുന്നതെങ്കിലും സഭ ലോകത്തിലാണ് നിലനില്ക്കുന്നത്. ലോകത്തെ ദൈവരാജ്യത്തിനായി തയ്യാറാക്കുകയാണ് സഭയുടെ ദൗത്യം. ആത്മീയശുശ്രൂഷകൾ പരികർമം ചെയ്യുന്നതിലൂടെ മാത്രം ഈ ദൗത്യം പൂർത്തിയാകുന്നില്ല. മനുഷ്യനന്മ കേന്ദ്രീകരിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും സഭയുടെ ദൗത്യനിർവഹണത്തിന്റെ ഭാഗമാണ്. ദൈവികപദ്ധതിയനുസരിച്ചു മനുഷ്യസമൂഹത്തെ സത്യത്തിലും നീതിയിലും സ്നേഹത്തിലും ഉറപ്പിക്കാനുള്ള കടമയും അതിൽ ഉൾപ്പെടുന്നുണ്ട്. ദൈവജനത്തിന്റെ ഭൗതിക ആവശ്യങ്ങളിലും അനുദിന ജീവിതമേഖലകളിൽ അവർ നേരിടുന്ന വെല്ലുവിളികളിലും സഭയുടെ ശ്രദ്ധ പതിയേണ്ടതുണ്ട്. ഈ ഉത്തരവാദിത്വനിർവഹണത്തിന്റെ ഭാഗമായി, സീറോമലബാർ സഭംഗങ്ങളുടെ സാമൂഹിക, സാംസകാരിക, സാമ്പത്തിക പരിതസ്ഥിതിയെക്കുറിച്ചു യാഥാർഥ്യബോധത്തോടെ നടത്തിയ വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് 2025 ജനുവരിയിൽ ചേർന്ന സഭയുടെ മെത്രാൻസിനഡ് 2026 സമുദായ ശക്തീകരണവർഷമായി പ്രഖ്യാപിച്ചത്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി നടത്തിയ നിയതമായ പഠനങ്ങൾക്കും ചർച്ചകൾക്കും ശേഷമാണു സീറോമലബാർസഭയിൽ ഇപ്രകാരമൊരു വർഷാചരണം പ്രഖ്യാപിച്ചിരിക്കുന്നത്. സർക്കാർ തലത്തിലും സഭാതലത്തിലും സമീപകാലങ്ങളിൽ നടത്തപ്പെട്ട സർവേകളും പഠനറിപ്പോർട്ടുകളും സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിശദമായി പഠിച്ചു. ക്രൈസ്തവർ  സമകാലിക സമൂഹത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ട വിവിധ മേഖലകളെയും ഒരു സമൂഹമെന്നനിലയിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെയുംകുറിച്ചുള്ള പഠനങ്ങൾ സിനഡുസമ്മേളനങ്ങളിലും 2024 ആഗസ്റ്റ് മാസത്തിൽ പാലായിൽ നടത്തിയ അഞ്ചാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിലും അവതരിപ്പിച്ചു. നമ്മുടെ ജനസംഖ്യയുടെ വളർച്ച, കാർഷികമേഖലയിലെ വെല്ലുവിളികൾ, സാമ്പത്തിക, വ്യാപാര, തൊഴിൽ മേഖലകളിലും സർക്കാരുദ്യോഗതലങ്ങളിലുമുള്ള നമ്മുടെ പ്രാതിനിധ്യം, വിദ്യാഭ്യാസ, രാഷ്ട്രീയ, സാമൂഹിക, മാധ്യമരംഗങ്ങളിലുള്ള നമ്മുടെ സാന്നിധ്യം,  സർക്കാർ പദ്ധതികളിലും ആനുകൂല്യങ്ങളിലും നമുക്കു ന്യായമായി ലഭിക്കേണ്ട വിഹിതം തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്തതിന്റെ വെളിച്ചത്തിൽ ഉയർന്നുവന്ന നിർദേശപ്രകാരമാണ്സമുദായ ശക്തീകരണവർഷം ആചരിക്കുന്നത്.

സമുദായം എന്ന പദം എന്തിനാണ് ഉപയോഗിക്കുന്നത്, സഭയെന്നുതന്നെ പറഞ്ഞാൽ മതിയാകുമല്ലോ എന്നു ചിലർ അഭിപ്രായപ്പെടാറുണ്ട്. എന്നാൽ, ക്രിസ്തീയസമൂഹത്തിന്റെ സാമൂഹികതലങ്ങളെപ്രത്യേകമായി എടുത്തുകാണിക്കുന്നതിനും  ഭൗതികമേഖലകളിൽ ക്രൈസ്തവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ വ്യക്തതയോടെ അവതരിപ്പിക്കുന്നതിനും സമുദായം എന്ന വാക്കാണ് കൂടുതൽ ഫലപ്രദം. ഒരു സഭയെന്നതിനൊപ്പം ഒരു സമുദായമായിക്കൂടി നമ്മെ മനസിലാക്കുമ്പോഴാണ് പൊതുസമൂഹത്തിൽ ഈ കൂട്ടായ്മയുടെ ആഭ്യന്തര കെട്ടുറപ്പും ഐക്യവും കൂടുതൽ ദൃഢമാകുന്നതും പോരായ്മകൾ കണ്ടെത്തി പരിഹരിക്കാനും പുതിയ മുന്നേറ്റങ്ങൾക്കു തുടക്കം കുറിക്കാനും നമുക്കു സാധിക്കുന്നതും. ചുരുക്കിപ്പറഞ്ഞാൽ സഭ  എന്ന പദം ഉപയോഗിക്കുമ്പോൾ നമ്മുടെ സ്വാഭാവിക ചിന്തയിലേക്കുവരാത്ത സാമൂഹ്യജീവിതസാഹചര്യങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് സമുദായം എന്ന വാക്കു ബോധപൂർവം ഉപയോഗി

ക്കുന്നത്. ഒരു ഹൃദയവും ഒരാത്മാവുമായിരുന്ന ആദിമക്രൈസ്തവ സമൂഹത്തെയും (അപ്പ. 4:32) വിശ്വാസത്താൽ ഒരേ കുടുംബത്തിലെ അംഗങ്ങളായവർക്കു നൻമ ചെയ്യാനുള്ള (ഗലാ 6:10) പൗലോസ് ശ്ലീഹായുടെ ആഹ്വാനത്തെയും ധ്യാനിക്കുമ്പോൾ, പരസ്പരം സ്നേഹിച്ചും പിന്തുണച്ചും ആത്മീയമായും  ഭൗതീകമായും സഹായിച്ചും ഉദാത്തമായ ക്രിസ്തീയസാഹോദര്യത്തിൽ വളരുന്ന ഒരു സമുദായമായി നമ്മൾ മാറണമെന്ന ബോധ്യം കൈവരുന്നു.

സമുദായ ശക്തീകരണവർഷാചരണം ഫലപ്രദമായി സംഘടിപ്പിക്കാനുള്ള ചുമതല സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷനെയാണ് സിനഡ് ഏല്പ്പിച്ചിരിക്കുന്നത്. നമ്മുടെ സമുദായസംഘടനയായ കത്തോലിക്കാ കോൺഗ്രസ് ഈ ദൗത്യത്തിൽ കമ്മീഷന്റെ പ്രധാന സഹകാരിയാണ്. നമ്മുടെ സഭയിലെ മെത്രാൻമാർ, വൈദികർ, സമർപ്പിതർ, സെമിനാരി വിദ്യാർഥികൾ, പാസ്റ്ററൽ, ഫൊറോനാ, പാരിഷ് കൗൺസിലുകൾ, മാതൃവേദി, എസ്.എം.വൈ.എം., മിഷൻ ലീഗ്, ഡി.സി.എം.എസ്. തുടങ്ങിയ സഭാതല അത്മായ സംഘടനകൾ, ഇവയ്ക്കു പുറമെയുള്ള രൂപതാതല സംഘടനകൾ, മതാധ്യാപകർ, കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, സ്കൂൾ, കോളേജ് അധ്യാപകർ, ഉദ്യോഗസ്ഥർ, റിട്ട. ഉദ്യോഗസ്ഥർ, അഭിഭാഷകർ, ആരോഗ്യപ്രവർത്തകർ, കർഷകർ, വ്യാപാരി-വ്യവസായികൾ എന്നിങ്ങനെ എല്ലാ തലത്തിലുമുള്ളവരുടെയും പൂർണമായ സഹകരണത്തോടും പങ്കാളിത്തത്തോടും കൂടിയാണ് ഈ വർഷാചരണം നടത്താൻ ആഗ്രഹിക്കുന്നത്. സഭയിലെ അല്മായരും സമർപ്പിതരും പട്ടക്കാരും മേൽപ്പട്ടക്കാരുമെല്ലാം ഈ സമുദായത്തിന്റെ   ഭാഗംതന്നെയാണല്ലോ.

ഈ വർഷാചരണത്തിന്റെ കർമപദ്ധതി പ്രാരംഭ  ഘട്ടം, പ്രായോഗികഘട്ടം, അനുബന്ധഘട്ടം എന്നിങ്ങനെ മൂന്നുഘട്ടങ്ങളായാണ് വിഭാവനംചെയ്തിരിക്കുന്നത്. പ്രാരംഭ ഘട്ടം ഇന്ന് ഈ സർക്കുലർ വായനയോടുകൂടി ആരംഭിക്കുകയാണ്. 2025 ഡിസംബർ മാസാവസാനം വരെയാണ് പ്രാരംഭ ഘട്ടത്തിനായി നീക്കിവച്ചിരിക്കുന്ന സമയം. ഈ ഘട്ടത്തിൽ സമുദായവിഷയങ്ങളെക്കുറിച്ചുള്ള ബോധവത്കരണമാണ് നടത്തേണ്ടത്. അത് വൈദികർ, സമർപ്പിതർ, സെമിനാരി വിദ്യാർഥികൾ, അല്മായർ എന്നിങ്ങനെ സഭയിലെ എല്ലാ തലങ്ങളിലുമുള്ളവർക്കായി നടത്തപ്പെടണം. രൂപതകൾ, ഇടവകകൾ, സെമിനാരികൾ, സമ

ർപ്പിതസമൂഹങ്ങൾ, കോർപ്പറേറ്റ്മാനേജ്മെന്റുകൾ, അൺഎയ്ഡഡ്സ്കൂളുകൾ, കോളേജുകൾ, ഇതര വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ തങ്ങളുടേതായ തലങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ ക്രമീകരിക്കണം. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കെ.സി.എസ്.എൽ, സി.എസ്.എം. തുടങ്ങിയ സംഘടനകളുടെസഹായത്തോടെ ഇതു നടപ്പിലാക്കാൻ സാധിക്കും.

സമുദായബോധവത്കരണത്തിനു സഹായകമാകത്തക്കവിധത്തിൽ പബ്ലിക് അഫയേഴ്സ് കമ്മീഷൻ മനോഹരമായ ഒരു കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. സമുദായ ശക്തീകരണ കർമപദ്ധതിയുടെ വിശദാംശങ്ങൾ ഇതിലുണ്ട്. രൂപതകളിൽ റിസോഴ്സ് ടീം രൂപീകരിച്ച് കൈപ്പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ബോധവത്കരണപ്രവർത്തനങ്ങൾ നടത്തണം. ദീപിക, ഷെക്കേയനാ, ശാലോം, ഗുഡ്നെസ് തുടങ്ങി സഭയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മുഖ്യധാരാമാധ്യമങ്ങളും ഓൺലൈൻ മാധ്യമങ്ങളും ഈ ബോധവത്കരണ പ്രക്രിയയിൽ സജീവപങ്കാളികളാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. സമുദായം നേരിടുന്ന വെല്ലുവിളികളെതിരിച്ചറിയുന്നതും അവയ്ക്കുള്ള പരിഹാരം കണ്ടെത്തുന്നതുമാണ് ഈ വർഷം ആചരിക്കുന്നതിലൂടെ നമ്മൾ ലക്ഷ്യമിടുന്നത്.

രണ്ടാംഘട്ടം പ്രായോഗികഘട്ടമാണ്. ഇത് 2026 ജനുവരി 6, ദനഹാത്തിരുന്നാളിൽ ഉദ്ഘാടനം ചെയ്യപ്പെടും. കൈപ്പുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുള്ള കർമപദ്ധതികൾ പരമാവധി എല്ലാത്തലങ്ങളിലും നടപ്പിലാക്കിയെടുക്കുകയാണ് ഈ ഘട്ടത്തിൽ ചെയ്യേണ്ടത്. അവയിൽ ചില കാര്യങ്ങൾ നമുക്ക് 2026 ൽത്തന്നെ ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിക്കും. അതേസമയം ചില കാര്യങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടവയും സാവധാനം ലക്ഷ്യത്തിലെത്തുന്നവയുമാണ്. സമുദായശക്തീകരണപ്രവർത്തനങ്ങൾ ഈ ഒരു വർഷംകൊണ്ട് അവസാനിപ്പിക്കേണ്ടവയല്ല, നിരന്തരം തുടരേണ്ടവയാണ്. അതിനാൽ, തുടർവർഷങ്ങളെ അനുബന്ധഘട്ടമായാണ് കണക്കാക്കുന്നത്. 2026 ലെ വർഷാചരണം സമുദായശക്തീകരണത്തിന്റെ പ്രാരംഭ നടപടിയും പ്രായോഗികപരിശീലനവും മാത്രമാണ്.

ഈ വർഷാചരണത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് എല്ലാ രൂപതകളിലും ക്രമീകരണങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഒരു വികാരി ജനറാ

ളിന് വർഷാചരണത്തിന്റെ പ്രത്യേക ചുമതലയുണ്ടാകണം. അദ്ദേഹത്തിന്റെ കീഴിൽ ഒരു വൈദികൻ വർഷാചരണ പ്രവർത്തനങ്ങളുടെ ഡയറക്ടറായും ഒരു അല്മായൻ കൺവീനറായും പ്രവർത്തിക്കണം. പ്രസ്തുത വികാരി ജനറാൾ ചെയർമാനായി രൂപതാതല സമുദായ ശക്തീകരണകമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റിയിൽ വൈദികർ, സമർപ്പിതർ, സംഘടനകൾ, മതാധ്യാപകർ തുടങ്ങി രൂപതയുടെ എല്ലാത്തലങ്ങളിലുമുള്ളവരുടെ പ്രതിനിധികൾ ഉണ്ടാകണം. ഫൊറോനാ, ഇടവകതലങ്ങളിലും ഈ കമ്മിറ്റിക്കു കീഴ്ഘടകങ്ങൾ ഉണ്ടാകണം. ഈ സുപ്രധാന കമ്മിറ്റിയാണ് വർഷാചരണ പ്രവർത്തനങ്ങൾക്കു അതാതു രൂപതകളിൽ നേതൃത്വംനല്കേണ്ടത്. ഈ കമ്മിറ്റിയുടെ ചുമതലയിൽ റിസോഴ്സ് ടീം രൂപീകരിക്കുകയും ബോധവത്കരണം ഊർജിതമായി നടത്തുകയും ചെയ്യണം.

സമുദായ ശക്തീകരണ വർഷാചരണത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ അവരവരുടെ തലങ്ങളിൽ പ്രത്യേകമായി താത്പര്യമെടുത്തു പ്രവർത്തിക്കണമെന്ന് നമ്മുടെ സഭയിലെ എല്ലാവരോടും ഞാൻ അഭ്യർഥിക്കുന്നു. പ്രവാസജീവിതത്തിൽനിന്നു മടങ്ങിയെത്തിയ ഇസ്രായേൽ ജനത്തോടു നെഹെമിയാ നടത്തിയ ആഹ്വാനം നമുക്ക് ഓർക്കാം: ‘‘വരുവിൻ, നമുക്കു ജറുസലേമിന്റെ മതിൽ പണിയാം’’ (2:17). നെഹെമിയായുടെ ആഹ്വാനം സ്വീകരിച്ച ഇസ്രായേലിലെ ഓരോരുത്തരും താന്താങ്ങളുടെ ഭാഗം പണിതു നഗരമതിലിന്റെ പുനരുദ്ധാരണം പൂർത്തിയാക്കി. ഇതുപോലെ സമുദായത്തിലെ ഓരോ അംഗവും ഓരോവിഭാഗവും താന്താങ്ങളുടെ കർമശേഷി പൂർണമായും ഉപയോഗിച്ചുകൊണ്ട്, കുടുംബകൂട്ടായ്മകളിലും ഇടവകകളിലും ഫൊറോനകളിലും രൂപതകളിലും സമുദായത്തെശക്തിപ്പെടുത്താനുള്ള പദ്ധതികൾ വിഭാവനംചെയ്തു നടപ്പിലാക്കുമ്പോൾ നമ്മുടെ സമുദായം മുഴുവൻ ശക്തിപ്പെടും; സമുദായ ശക്തീകരണവർഷാചരണം നീണ്ടുനില്ക്കുന്ന ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യും.

നമ്മുടെ എല്ലാ സംരംഭങ്ങളിലും നമ്മുടെ കർത്താവിന്റെ അനുഗ്രഹവും കാരുണ്യവും ഉണ്ടായിരിക്കട്ടെ! നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമാതാവും മാർത്തോമാ ശ്ലീഹായും നമ്മുടെ സഭയിലെ വിശുദ്ധരും വാഴ്ത്തപ്പെട്ടവരും ഏറെ പ്രത്യേകമായി കേരളത്തിന്റെ നവോത്ഥാന നായകനായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാ

സച്ചനും ഭാരതത്തിലെ അല്മായരുടെ പ്രത്യേക മധ്യസ്ഥനായി പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ പ്രഖ്യാപിച്ച വിശുദ്ധ ദേവസഹായവും നമുക്കുവേണ്ടി പ്രാർഥിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാം ആണ്ട് സെപ്റ്റംബർ മാസം 25-ാം തീയതി നല്കപ്പെട്ടത്.

✠ **റാഫേൽ തട്ടിൽ**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ സർക്കുലർ 2025 ഒക്ടോബർ 12-ാം തീയതി ഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.



Circular No. 13/ 2025

വന്ദ്യസഹോദരരേ, വത്സല മക്കളേ,

ഈ വർഷത്തെ മിഷൻ ഞായർ ഒക്ടോബർ 19നാണ് ആചരിക്കുന്നത്. സഭാ മക്കളിൽ മിഷൻ ചൈതന്യം ഉജ്ജ്വലിപ്പിക്കുന്നതിനും മിഷനേ, പ്രാർത്ഥനകൊണ്ടും ആളുകൊണ്ടും അർത്ഥംകൊണ്ടും സഹായിക്കുന്നതിനുമാണ് ആഗോളസഭ മിഷൻ ഞായർ ആചരിക്കുന്നത്.

2025ലെ മിഷൻ ഞായറിന്റെ പ്രമേയമായി നമ്മുടെ പ്രിയപ്പെട്ട പരിശുദ്ധ പിതാവ് ദിവംഗതനായ ഫ്രാൻസിസ് മാർപാപ്പ തെരഞ്ഞെടുത്തത്, "എല്ലാ ജനതകളുടെയും ഇടയിൽ പ്രത്യാശയുടെ മിഷനറിമാരാകുക" എന്നുള്ളതായിരുന്നു. പിതാവ് മരിക്കുന്നതിന് ഏതാനും നാളുകൾക്ക് മുമ്പ് പ്രാർത്ഥനാപൂർവ്വം തെരഞ്ഞെടുത്തതാണ് ഈ പ്രമേയം. മാമോദീസാ മുങ്ങിയ എല്ലാവരും ഈശോ നൽക്കുന്ന പ്രത്യാശയുടെ മിഷനറിമാരാകണം.

ഇന്ന് ലോക ജനതയിൽ പലരും വിവിധങ്ങളായ ആത്മീകവും മാനസികവും ശാരീരികവും രാഷ്ട്രീയവും സാംസ്കാരികവുമായ പ്രശ്നങ്ങളിൽ കുടുങ്ങി ജിവിത നൈരാശ്യം അനുഭവിക്കുകയാണ്! ഈ ജനങ്ങളുടെ ഇടയിൽ പ്രത്യാശയുടെ സന്ദേശം വാക്കുകൾകൊണ്ടും ജീവിതംകൊണ്ടും കാണിച്ചുകൊടുത്തു അവരെ ഈശോ നൽകുന്ന പ്രത്യാശയിലേക്ക് കൊണ്ടുവരാൻ നാം എല്ലാവരും പരിശ്രമിക്കേണ്ടതാണ്. നാം ആയിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ ജീവിതം പ്രത്യാശയുടെ സുവിശേഷമായി മാറണം.

തിരുസഭ എന്നും ഈശോ നൽകിയ പ്രത്യാശയുടെ സുവിശേഷം വിവിധ രീതികളിൽ പ്രഘോഷിക്കുന്നതിലും ജീവിക്കുന്നതിലും ശ്രദ്ധാലുവായിരുന്നു. ഈ മിഷൻ പ്രവർത്തനം ഇന്നും സഭ തുടർന്നുകൊണ്ടിരിക്കുന്നു. നമ്മുടെ ഇപ്പോഴത്തെ മാർപാപ്പാ, ലെയോ പതിനാലാമൻ, പെറുവിൽ നിന്നുള്ള വലിയ മിഷനറിയായിരുന്നു എന്ന് നമുക്കറിയാം.

പ്രായോഗികമായി സഭയുടെ മിഷൻ പ്രവർത്തനത്തിൽ നമുക്ക് എന്ത് ചെയ്യാൻ സാധിക്കും:

1. മിഷൻ പ്രവർത്തനത്തിനുവേണ്ടി പ്രാർത്ഥിക്കുക.

2. സഭാ മക്കളിൽ മിഷൻ പ്രവർത്തനാവബോധം ജനിപ്പിക്കുന്ന ക്ലാസുകൾ, സെമിനാറുകൾ, റാലി മുതലായവ നടത്തുക.

3. പ്രത്യാശയുടെ സുവിശേഷം നമ്മുടെ സാഹചര്യത്തിനു ചേരുന്ന വിധത്തിൽ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുക.

4. മിഷൻ ദൈവവിളി പ്രോത്സാഹിപ്പിക്കുക.

5. മിഷൻ പ്രദേശങ്ങൾ സന്ദർശിക്കുക.

6. മിഷൻ പ്രവർത്തനത്തിന് നമ്മളാൽകഴിയുന്ന സാമ്പത്തിക സഹായം എത്തിക്കുക.

നമ്മുടെ മിഷൻലീഗ് കുട്ടികളും യുവജനങ്ങളും മിഷൻഞായറിനോടനുബന്ധിച്ച് നടത്തുന്ന പരിപാടികളിൽ ഔദാര്യപൂർവം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒക്ടോബർ 19 മിഷൻ ഞായറാഴ്ച്ച, മിഷനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ഒരു പ്രത്യേക പിരിവ് നടത്തുകയും വേണം. എല്ലാവരും ഇതിൽ ഔദാര്യപൂർവ്വം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അന്നു ലഭിക്കുന്ന തുക മിഷനെ സഹായിക്കുന്നതിനായി അയച്ചുകൊടുക്കാൻ ഒക്ടോബർ 30ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിച്ചു തരേണ്ടതാണ്.

"ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം" (1കോറി 9: 16) എന്ന് ഉദ്ഘോഷിച്ചുകൊണ്ട് തീക്ഷ്ണതയോടെ സുവിശേഷം പ്രസംഗിച്ച വിശുദ്ധ പൗലോസിന്റെ മിഷൻ തീക്ഷ്ണത നമുക്ക് ലഭിക്കട്ടേയേന്ന് പ്രാർത്ഥിച്ചുകൊണ്ട് + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ആശീർവദിക്കുന്നു.

ബെൽത്തംഗഡി
21-09-2025

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB**: ഈ സർക്കുലർ 12-10-2025ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്

Pastoral Letter No. 05/ 2025

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

**ലോറൻസ് മുക്കുഴി**

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും
സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

“നിങ്ങളോടുള്ള അതീവതാത്പര്യം നിമിത്തം ദൈവത്തിന്റെ സുവിശേഷം മാത്രമല്ല, ഞങ്ങളുടെ ജീവനെത്തന്നെയും നിങ്ങൾക്കായി പങ്കുവയ്ക്കാൻ ഞങ്ങൾ സന്നദ്ധരായി. കാരണം, നിങ്ങൾ അത്രമാത്രം ഞങ്ങളുടെ വാത്സല്യഭാജനങ്ങളായിരുന്നു”(1 തെസ 2:8).

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

ദൈവം സ്നേഹത്തോടെ നമ്മുടെ രൂപതയ്ക്കു പുതിയ രൂപതാദ്ധ്യക്ഷനെ, അഭിവന്ദ്യ ജെയിംസ് പട്ടേരിൽ പിതാവിനെ, തന്നിരിക്കുകയാണ്! നമുക്ക് ദൈവത്തിന് നന്ദി പറയുകയും സന്തോഷിക്കുകയും ചെയ്യാം.

1999 ൽ എളിയവനായ എന്നെ കർത്താവ് ബെൽത്തംഗഡി രൂപതയുടെ അദ്ധ്യക്ഷനായി നിയമിച്ചു. ദക്ഷിണ കന്നഡ, ഉടുപ്പി, കൊടക് ജില്ലകളിലായി ചിതറി കിടന്നിരുന്ന സീറോ മലബാർ മക്കൾക്കായി ബെൽത്തംഗഡി രൂപത 1999 ഓഗസ്റ്റ് നാലിന് കർത്താവ് ഉദ്ഘാടനം ചെയ്തു തന്നു! കഴിഞ്ഞ 26 വർഷം ഈ രൂപതയെ ശുശ്രൂഷിക്കാൻ എന്നെ ദൈവം ഉപകരണമാക്കി. ഈ നാളുകൾകൊണ്ട് ദൈവം വിവിധങ്ങളായ മണ്ഡലങ്ങളിൽ നമ്മെ സമൃദ്ധമായി അനുഗ്രഹിച്ചു. നാം ആധ്യാത്മികമായും സംഖ്യയിലും ഭൗതിക മണ്ഡലങ്ങളിലും ശ്രദ്ധേയമായ രീതിയിൽ വളർന്നു! തിരുസഭയിൽ പ്രത്യേകിച്ചും സീറോ മലബാർ സഭയിൽ നാം ഒരു നല്ല രൂപതയായി വളർന്നു വരാൻ ദൈവം ഇടയാക്കി! നമുക്കിന്ന് നമ്മുടേതായ വൈദികരും സിസ്റ്റേഴ്സും ജനങ്ങളും ഉണ്ട്. ഇന്ന് നാം ഈ നാട്ടിൽ അറിയപ്പെടുന്ന ഒരു ജനതയായി

മാറിക്കഴിഞ്ഞിരിക്കുന്നു! നമുക്കിന്ന് നല്ല പള്ളികളും മഠങ്ങളും അനേകം സ്ഥാപനങ്ങളുമുണ്ട്. നമ്മുടെ മക്കൾ ദേശത്തും വിദേശത്തും നല്ല രീതിയിൽ തന്നെ ജീവിക്കുന്നു! ദൈവത്തിന്റെ കാരുണ്യം എണ്ണിയാലും എണ്ണിയാലും തീരുകയില്ല. ഇതിനെല്ലാം കാരണം ദൈവത്തിന്റെ വ്യവസ്ഥകളില്ലാത്ത സ്നേഹവും പരിശുദ്ധ അമ്മയുടെയും രൂപതാ മധ്യസ്ഥനായ മാർ തോമാശ്ലീഹയുടെയും വിശുദ്ധ ലോറൻസിന്റെയും മധ്യസ്ഥവും വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അൽമായ നേതാക്കളുടെയും കഠിനമായ അധ്വാനവും ദേശത്തും വിദേശത്തുമുള്ള അനേകം ഉപകാരികളുടെ ഉദാരമായ സഹായവും നിങ്ങളുടെ എല്ലാവരുടെയും നിർലോഭമായ സഹകരണവുമാണ്. നിങ്ങളെല്ലാവരും എന്നോട് നന്നായി സഹകരിച്ചു; നാമൊന്നിച്ച് പ്രവർത്തിച്ചു. ദൈവം അനുഗ്രഹിച്ചു. എല്ലാറ്റിനും ദൈവത്തിനു നന്ദി.

എന്നെ ബെൽത്തംഗഡി രൂപതയുടെ മെത്രാനായി നിയമിച്ചത് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ്. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പിൻഗാമികളായി വന്ന മാർ ബെനഡിക്ട് പതിനാറാമൻ മാർപാപ്പയ്ക്കും മാർ ഫ്രാൻസിസ് മാർപാപ്പയ്ക്കും ഞാൻ കൈകൂപ്പി നന്ദി പറയുന്നു. ഇപ്പോൾ മാർപാപ്പയായിരിക്കുന്ന മാർ ലിയോ പതിനാലാമൻ മാർപാപ്പയ്ക്കും നന്ദി. പൗരസ്ത്യ തിരുസംഘത്തിന്റെ അധിപന്മാർക്കും തിരുസംഘത്തിനും ഞാൻ നന്ദി പറയുന്നു.

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് ദിവംഗതനായ കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിന്റെ കാലത്താണ് ഞാൻ നിയമിതനായത്. അതിനുശേഷം വന്ന അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവിനും ഇപ്പോഴത്തെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിനോടും ഞാൻ ഏറെ കടപ്പെട്ടിരിക്കുന്നു. സീറോ മലബാർ സഭയുടെ എല്ലാ അഭിവന്ദ്യ പിതാക്കന്മാർക്കും ഞാൻ നന്ദി പറയേണ്ടവനാണ്. തലശ്ശേരി അതിരൂപത നമ്മുടെ മാതൃരൂപതയാണ്. ഞാൻ തിരുപ്പട്ടമേറ്റത് തലശ്ശേരി രൂപതയ്ക്കുവേണ്ടിയാണ്. ആ രൂപതയിൽ 21 വർഷം ശുശ്രൂഷ ചെയ്തതിനുശേഷമാണ് ബെൽത്തംഗഡി രൂപതാദ്ധ്യക്ഷനായി നിയമിതനായത്. ബെൽത്തംഗഡി രൂപതയുടെ സ്ഥാപനത്തിനുവേണ്ടി ആഗ്രഹിക്കുകയും പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്ത ദിവംഗതനായ മാർ സെബാസ്റ്റ്യൻ വെള്ളാപ്പള്ളി പിതാവിനും രൂപതാ സ്ഥാപന നടപടികൾ പൂർത്തിയാക്കിയ അഭി. ജോർജ് വലിയമറ്റം പിതാവിനും പിന്നീട് വന്ന ജോർജ് ഞരളക്കാട്ട് പിതാവിനും ഇപ്പോ

ഴത്തെ മെത്രപ്പോലീത്ത അഭി. ജോസഫ് പാബ്ലാനി പിതാവിനും നന്ദി. എന്നെ സ്നേഹിച്ച് സഹായിച്ച തലശ്ശേരി രൂപതയിലെ ബഹു. അച്ചന്മാർക്കും സിസ്റ്റേഴസിനും ജനങ്ങൾക്കും നന്ദി. ബാംഗ്ലൂർ മെത്രാപ്പോലീത്തായും കെ.ആർ.സി.ബി.സി പ്രസിഡന്റുമായിരുന്ന ദിവംഗതനായ ഇഗ്നേഷ്യസ് പീന്റോക്കും പിന്നെ വന്ന അഭി. ബർണാഡ് മോറസ് പിതാവിനും ഇപ്പോഴത്തെ മെത്രാപ്പോലീത്താ അഭി. പീറ്റർ മച്ചാതോക്കും കർണാടകയിലെ എല്ലാ മെത്രാന്മാർക്കും നന്ദി. വിവിധ സമർപ്പിത സഭകളുടെ മേജർ സുപ്പീരിയേഴ്സിനും അവരുടെ ആത്മാർത്ഥമായ സഹകരണത്തിനും നന്ദി രേഖപ്പെടുത്തുന്നു. അകത്തോലിക്കാ സഭയിലെ അഭിവന്ദ്യ മെത്രാന്മാർക്കും വൈദികർക്കും ജനങ്ങൾക്കും നന്ദി.

ഈ നാട്ടിലെ നാനാജാതി മതസ്ഥരായ അനേകർ നമ്മെ സഹായിച്ചിട്ടുണ്ട്. രാഷ്ട്രീയ നേതാക്കളും മറ്റു രംഗങ്ങളിലുള്ള നേതാക്കളും നമ്മെ സഹായിച്ചു. ഈ നാട്ടിൽ അവർ നമുക്ക് സൈ്വര്യമായി ജീവിക്കാൻ അവസരമൊരുക്കി. അവർക്കെല്ലാവർക്കും നന്ദി പറയുന്നു.

കഴിഞ്ഞ 26 വർഷം, എന്നാൽകഴിയുന്ന വിധം രൂപതയുടെ നന്മയ്ക്ക്വേണ്ടി പ്രവർത്തിക്കാൻ പരിശ്രമിച്ചിട്ടുണ്ട്. വി. പൗലോസ് ശ്ലീഹ പറയുന്നതുപോലെ, ''നിങ്ങളോടുള്ള അതീവതാൽപര്യം നിമിത്തം ദൈവത്തിന്റെ സുവിശേഷം മാത്രമല്ല, ഞങ്ങളുടെ ജീവനെത്തന്നെയും നിങ്ങൾക്കായി പങ്കുവയ്ക്കാൻ ഞങ്ങൾ സന്നദ്ധരായി. കാരണം, നിങ്ങൾ അത്രമാത്രം ഞങ്ങളുടെ വാത്സല്യഭാജനങ്ങളായിരുന്നു''(1 തെസ 2:8). ബലഹീനനായ എന്നെ ഉപയോഗിച്ചുകൊണ്ട് ദൈവം പ്രവർത്തിക്കുകയായിരുന്നു! നടപടി പുസ്തകത്തിൽ വി. പൗലോസ് ശ്ലീഹ രേഖപ്പെടുത്തി, ''പൂർണ വിനയത്തോടും കണ്ണുനീരോടും യഹൂദൻമാരുടെ ഗൂഢാലോചനയിൽ എനിക്കുണ്ടായ പരീക്ഷണങ്ങളോടും കൂടി ഞാൻ കർത്താവിനു ശുശ്രൂഷചെയ്തു. നിങ്ങളുടെ നൻമയ്ക്കുതകുന്ന ഏതെങ്കിലും കാര്യം നിങ്ങൾക്കു പറഞ്ഞുതരാൻ ഞാൻ മടികാണിച്ചിട്ടില്ല. പൊതുസ്ഥലത്തുവച്ചും വീടുതോറും വന്നും ഞാൻ നിങ്ങളെ പഠിപ്പിച്ചു. ദൈവത്തിലേക്കുള്ള മനഃപരിവർത്തനത്തെക്കുറിച്ചും നമ്മുടെ കർത്താവായ യേശുവിലുള്ള വിശ്വാസത്തെക്കുറിച്ചും യഹൂദരുടെയും ഗ്രീക്കുകാരുടെയുമിടയിൽ ഞാൻ സാക്ഷ്യം നൽകി. ഇതാ, ഇപ്പോൾ പരിശുദ്ധാത്മാവിൽ നിർബന്ധിതനായി ഞാൻ ജറുസലെമിലേക്കു പോകുന്നു''(നടപടി 20:19-22). ''മൂന്നുവർഷം രാപകൽ കണ്ണു

നീരോടുകൂടെ നിങ്ങളോരോരുത്തരെയും ഉപദേശിക്കുന്നതിൽനിന്നു ഞാൻ വിരമിച്ചിട്ടില്ല എന്ന് അനുസ്മരിക്കുവിൻ''(നടപടി 20:31). വി. പൗലോസ് ശ്ലീഹായുടെ വിശുദ്ധിയും വിജ്ഞാനവും എനിക്ക് അവകാശപ്പെടാൻ ആവില്ല. എങ്കിലും കഴിഞ്ഞ 26 വർഷം ഞാൻ നന്നായി പ്രയത്നിച്ചു എന്ന് പറയാൻ സാധിക്കും. ഞാൻ ആഴമായി നിങ്ങളെ എല്ലാവരെയും സ്നേഹിച്ചു; എന്റെ കഴിവുപോലെ പ്രാർത്ഥിച്ച്, പ്രയത്നിച്ചു. അത് എത്രമാത്രം വിജയപ്രദമായിരുന്നെന്ന് ദൈവം നിശ്ചയിക്കട്ടെ. ഇപ്പോൾ എന്റെ ആരോഗ്യസ്ഥിതി തീരെ അനുകൂലമല്ലാത്തതിനാൽ ഞാൻ രൂപതാദ്ധ്യക്ഷ സ്ഥാനത്തുനിന്ന് വിരമിക്കുകയാണ്. ഈശോ പറഞ്ഞു: ''എങ്കിലും സത്യം ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങളുടെ നന്മയ്ക്ക്വേണ്ടിയാണ് ഞാൻ പോകുന്നത്. ഞാൻ പോകുന്നില്ലങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്ക് വരുകയില്ല'' (യോഹ 16:7). അതുപോലെ ഞാൻ സ്ഥാനം ഒഴിയുമ്പോൾ രൂപതയുടെ ഉപരി ഉന്നതിക്കുവേണ്ടി നല്ല ഇടയനെ ദൈവം നിങ്ങൾക്ക് നൽകും. 2025 നവംബർ 5നു ശേഷം വിശുദ്ധ കുർബാനയുടെ കാറോസൂസയിലും യാമപ്രാർത്ഥനയുടെ കാറോസൂസയിലും എന്റെ പേരിനു പകരം ഇങ്ങനെയാണ് നിങ്ങൾ ചൊല്ലേണ്ടത്: ' ...........ഞങ്ങളുടെ പിതാവും രൂപതാധ്യക്ഷനുമായ മാർ ജെയിംസ് മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയ നന്മകൾ നൽകി അനുഗ്രഹിക്കണമെന്ന്......... ' എന്നാണ്. നമ്മുടെ പുതിയ പിതാവിന് നിങ്ങൽ എല്ലാ സഹകരണവും ഔദാര്യപൂർവ്വം നൽകണമേയെന്ന് അപേക്ഷിക്കുന്നു.

പ്രിയ ബഹുമാനപ്പെട്ട അച്ചൻമാരേ, നിങ്ങളുടെ പ്രാർത്ഥനയ്ക്കും സ്നേഹത്തിനും സഹകരണത്തിനും നന്ദി. ബഹു. സിസ്റ്റേഴ്സേ, നിങ്ങളുടെ താപസ ജീവിതത്തിനും പ്രാർത്ഥനയ്ക്കും സ്നേഹത്തിനും സഹകരണത്തിനും നന്ദി. പ്രിയ അൽമായ സഹോദരങ്ങളേ, നിങ്ങളുടെ സഹകരണത്തിനും കഠിനാധ്വാനത്തിനും നന്ദി. പ്രിയമുള്ള യുവജനങ്ങളേ, നിങ്ങളുടെ എല്ലാ നല്ല സഹകരണത്തിനും സാക്ഷ്യത്തിനും നന്ദി. പ്രിയമുള്ള മാതാപിതാക്കളേ, യുവദമ്പതികളേ, കുഞ്ഞുമക്കളേ, നിങ്ങളെല്ലാവരും സഹകരിച്ചും സ്നേഹിച്ചും ദൈവത്തെ സ്തുതിച്ചും എന്നോട് സഹകരിച്ചതിന് നന്ദി. നമ്മുടെ രൂപതയുടെ വളർച്ചയ്ക്ക് സഹായം ചെയ്തു ദേശത്തും വിദേശത്തുമുള്ള എല്ലാ ഉപകാരികൾക്കും ഹൃദയത്തിന്റെ ആഴത്തിൽനിന്നു നന്ദി പറയുന്നു.

കാലങ്ങൽ മാറുകയാണ്! ജീവിതശൈലിയും മാറിവരുന്നു.എന്നാൽ സുവിശേഷമൂല്യങ്ങൾക്ക് ഒരു മാറ്റവും ഈശോ വരുത്തിയിട്ടില്ല. ദൈവകൽപ്പനകളും തിരുസഭയുടെ കൽപ്പനകളും സുവിശേഷ മൂല്യങ്ങളും വള്ളിപുള്ളി തെറ്റിക്കാതെ ആധുനിക ലോകത്തിന് ചേർന്ന വിധം പാലിച്ച് ജീവിക്കണമെന്ന് നിങ്ങളോട് വിനീതമായി അപേക്ഷിക്കുന്നു.

2025 നവംബർ അഞ്ചിന് പുതിയ പിതാവിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും നടക്കുകയാണ്. ഈ തിരുക്കർമ്മം വിജയപ്രദമായും അനുഗ്രഹപ്രദമായും നടക്കുന്നതിനുവേണ്ടി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്നും ഒരു മണിക്കൂർ വിശുദ്ധ കുർബാനയുടെ ആരാധന എല്ലാ ഇടവകകളിലും മഠങ്ങളിലും നടത്തണമെന്നും അഭ്യർത്ഥിക്കുന്നു. ഈ വിശുദ്ധ കുർബാനയുടെ ആരാധന സാധിക്കുമെങ്കിൽ എല്ലാ ഇടവകകളിലും 2025 ഒക്ടോബർ 30ന് നടത്തണമെന്ന് ഞാൻ ആഭ്യർത്ഥിക്കുന്നു.

ബെൽത്തംഗഡി രൂപതയ്ക്ക് നല്ല ഭാവിയുണ്ട്. രൂപത ശക്തമായ സഭയായി വളരാനുള്ള സാധ്യതകൾ ഏറെയുണ്ട്. അതുകൊണ്ട് നിങ്ങളുടെ കഴിവുകൾ ദൈവഹിതം അനുസരിച്ച് നന്നായി ഉപയോഗിച്ച് ബെൽത്തംഗഡി രൂപതയെ ഇനിയും ഉയരങ്ങളിലേക്ക് നയിക്കണമെന്ന് നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്. നല്ല വിശ്വാസവും ഐക്യവും അനുസരണയും അച്ചടക്കവും കഠിനാധ്വാനവും വിജയത്തിന്റെ അടിസ്ഥാന ശിലകളാണ്. രൂപതാധ്യക്ഷനെയും മേജർ ആർച്ചുബിഷപ്പിനെയും മാർപാപ്പയെയും നിരുപാധികമായി അനുസരിക്കുക; വിജയം നിങ്ങളുടേതായിരിക്കും.

ഇനിയുള്ള നാളുകളിൽ, ഞാൻ നമ്മുടെ 'വിയാനി സദന'യിലായിരിക്കും താമസിക്കുക. ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ടും നിങ്ങൾക്കെല്ലാവർക്കുംവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും ഞാൻ നിങ്ങളുടെ കൂടെ ആത്മീയമായി ഉണ്ടായിരിക്കും. നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.

അവസാനമായി, നമ്മുടെ രൂപതയേയും പുതിയ പിതാവിനെയും നിങ്ങളെ എല്ലാവരെയും ഈശോയുടെ തിരുഹൃദയത്തിനും പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിനും സമർപ്പിക്കുന്നു. എല്ലാ നന്മകളും നിങ്ങൾക്ക് നേരുന്നു. എല്ലാവർക്കും നന്ദി.

''കർത്താവ് എന്റെ ഇടയനാണ്, എനിക്കൊന്നിനും കുറവുണ്ടാവുകയില്ല'' (സങ്കി 23:1) എന്ന സങ്കീർത്തകന്റെ വചനം വിശ്വസിച്ചുകൊണ്ടും നമ്മുടെ രൂപതയ്ക്ക് ഒരു കുറവും ഉണ്ടാവല്ലേ എന്ന് പ്രാർത്ഥിച്ചുകൊണ്ടും + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി **+ മാർ ലോറൻസ് മുക്കുഴി**

14.09.2025 ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB**: ഈ ഇടയലേഖനം 26.10.2025ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ
## 2025– ലെ ലോകമിഷൻ ദിനത്തിൽ നൽക്കുന്ന സന്ദേശം
## (ഒക്ടോബർ 19,2025)

## "സകല ജനങ്ങൾക്കുമിടയിലെ പ്രത്യാശയുടെ ദൂതന്മാർ"

പ്രിയ സഹോദരിസഹോദരന്മാരേ,

ജൂബിലിവർഷമായ 2025 ലെ ലോകമിഷൻ ദിനത്തിനായി ഞാൻ തെരഞ്ഞെടുത്തിരിക്കുന്ന ആപ്തവാക്യം "സകല ജനങ്ങൾക്കുമിടയിലെ പ്രത്യാശയുടെ ദൂതന്മാർ"(Cf.Spes Non Confundit,1) എന്നതാണ്.

ഇത് വ്യക്തിപരമായി ഓരോ ക്രൈസ്തവനെയും, ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ കൂട്ടായ്മയായ സഭ മുഴുവനെയും, ക്രിസ്തുവിന്റെ പാതയിലെ പ്രത്യാശയുടെ സന്ദേശവാഹകരും നിർമ്മാതാക്കളുമാണ് തങ്ങൾ എന്നുള്ള നമ്മുടെ അടിസ്ഥാന വിളിയെ അനുസ്മരിപ്പിക്കുന്നതിനാണ്.

ഉത്ഥിതനായ ക്രിസ്തുവിൽ നമുക്കു പുതുജന്മം നല്കിയ വിശ്വസ്തനായ ദൈവത്താൽ ഏവർക്കുമിത് 'സജീവ പ്രത്യാശയിലേക്കുള ള്'(Cf.1:പത്രോ 13-4) കൃപയുടെ സമയമായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇവിടെ, നമ്മുടെ ക്രൈസ്തവ പ്രേഷിതസ്വത്വത്തിന്റെ പ്രസക്തമായ ചിലവശങ്ങളെപറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുവഴി, പരിശുദ്ധത്മാവിൽ നയിക്കപ്പെടാനും സഭയിൽ ഒരു നവസുവിശേഷവത്കരണത്തിനായുള്ള തീക്ഷ്ണതയാൽ കത്തിജ്വലിക്കാനും നമുക്കു കഴിയട്ടെ! ഇരുണ്ട നിഴലുകൾ തങ്ങിനിൽക്കുന്ന ഒരു ലോകത്ത് പ്രത്യാശയെ പുനർജീവിക്കാൻ അയക്കപ്പെട്ടവളണല്ലോ, സഭ' (Cf.Fratelli Tutti, 9-55)

### 1. ക്രിസ്തുവിന്റെ പാതയിൽ നമുക്കുള്ള പ്രത്യാശ

രണ്ടായിരമാണ്ടിലെ വിശുദ്ധ മഹാജൂബിലി വർഷത്തിനുശേഷം, മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യത്തെ സാധാരണ ജൂബിലിയാണ് നമ്മൾ ഇപ്പോൾ ആഘോഷിക്കുന്നത്. ചരിത്രത്തിലെ കേന്ദ്രമായ ക്രിസ്തുവിൽ നമ്മുടെ ദൃഷ്ടികളെ നാം ഉറപ്പിച്ചുകൊണ്ട് " ക്രിസ്തു

ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെ'' (ഹെബ്രാ 13:8) എന്ന വാക്കുകൾ നമ്മൾ അനുസ്മരിക്കുന്നു. നസ്രത്തിലെ സിനഗോഗിൽ വച്ച് യേശു പ്രഖ്യാപിച്ചത് ചരിത്രത്തിലെ തന്റെ സാന്നിധ്യത്തിന്റെ 'ഇന്ന്' എന്ന തിരുവെഴുത്ത് നിറവേറിയിരിക്കുന്നു എന്നാണ്. അപ്രാകാരം, സകലജനത്തോടും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കാനും കർത്താവിന്റെ കൃപയുടെ വത്സരത്തിന് നാന്ദിക്കുറിക്കാനും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തോടെ പിതാവിനാൽ അയക്കപ്പെട്ടവനാണ് താനെന്ന് യേശു സ്വയം വെളിപ്പെടുത്തി (Cf.ലൂക്കാ 4:16-21).

ലോകാന്ത്യംവരെ നിലനിൽക്കുന്ന നിഗൂഢമായ 'ഇന്ന്' എന്ന കാലഘട്ടത്തിൽ, ക്രിസ്തു എല്ലാവർക്കും പ്രത്യേകിച്ച്, ദൈവം മാത്രം ഏക ആശ്രയമായിട്ടുള്ളവർക്ക്, രക്ഷയുടെ പൂർണതയാകുന്നു.

യേശു തന്റെ പരസ്യജീവിതകാലത്ത്, '' നന്മ പ്രവർത്തിച്ചു കൊണ്ടും പിശാചു ബാധിതരെ സൂഖപ്പെടുത്തികൊണ്ടും ചുറ്റി സഞ്ചരിച്ചു''(അപ്പ10:38). ദരിദ്രർക്കും ഇതര ജനങ്ങൾക്കും ദൈവത്തിലുള്ള പ്രത്യാശയെ അവിടുന്ന് പുന്സ്ഥാപിച്ചു. പാപമൊഴികെയുള്ള എല്ലാ മാനുഷിക ബലഹീനതകളും അവിടുന്ന് അനുഭവിച്ചു. ഗത്സമനിയിലെയും കുരിശിലെയും വേദനാജനകമായ നിമിഷങ്ങളിലും പ്രത്യാശ നഷ്ടപ്പെട്ടേക്കാവുന്ന നിർണായ നിമിഷങ്ങളിലുമെല്ലാം അവിടുന്ന് തളർന്നില്ല. മനുഷ്യകുലരക്ഷയ്ക്കായി ദൈവമൊരുക്കിയ പദ്ധതിയോട് അനുസരണയും വിശ്വസവുമുള്ളവനായി നിന്നുകൊണ്ട്, പ്രത്യാശയുള്ള ഒരു ഭാവിയ്ക്കായി, സമാധാന പദ്ധതിക്കായി, അവിടുന്ന് എല്ലാം പിതാവായ ദൈവത്തിൽ ഭരമേല്പിത്തു(ജറ29:11). ഇപ്രകാരം, കടുത്ത പരീക്ഷണങ്ങൾക്കിടയിൽപ്പോലും പ്രത്യാശയുടെ ദിവ്യദൂതനായി, ദൈവം ഭരമേല്പിച്ച ദൗത്യം നിറവേറ്റുന്നവരുടെ ഉന്നത മാതൃകയായി യേശുമാറി. തന്റെ ശിശ്യരിലൂടെ, അവരെ എല്ലാ മനുഷ്യർക്കിടയിലേക്ക് അയച്ചു കൊണ്ടും ഒരു രഹസ്യ സാന്നിധ്യമായി അവരോടൊപ്പം സഞ്ചരിച്ചു കൊണ്ടും, യേശു മനുഷ്യരാശിക്കായുള്ള പ്രത്യാശയുടെ ശുശ്രൂഷ തുടർന്നുകൊണ്ടിരിക്കുന്നു. ദരിദ്രർ, പീഡിതർ, നിരാശർ, അടിച്ചമർത്തപ്പെട്ടവർ എന്നിവരുടെയെല്ലാം പക്ഷം ചേർന്നുകൊണ്ട് അവരുടെ മുറിവുകളിൽ 'ആശ്വാസത്തിന്റെ തൈലവും പ്രത്യാശയുടെ വിഞ്ഞും' അവൻ ഒഴുക്കുന്നു (Preface, Jesus the Samaritan). ക്രിസ്തുവിന്റെ പ്രേഷിത

ശിഷ്യരുടെ സമൂഹമായ സഭയാകട്ടെ, തന്റെ കർത്താവും ഗുരുവുമായ അവിടുത്ത അനുസരിച്ചുകൊണ്ട്, അനുദിനം നേരിടുന്ന പീഡ നങ്ങൾക്കും വേദനകൾക്കും വെല്ലുവിളികൾക്കം നടുവിലും, കൂടാതെ, സഭാംഗങ്ങളുടെ ദൗർബല്യങ്ങൾ മൂലമുള്ള അപൂർണതകൾക്കും പരാ ജയങ്ങൾക്കും മധ്യയിലും അന്തിമവിമോചനത്തിനായി കാത്തിരിക്കുന്ന മനുഷ്യരാശിയുടെ മുറവിളിയും സൃഷ്ടജാലങ്ങളുടെ രോദനവും ഹൃദ യത്തിൽ പേറികൊണ്ടും, ക്രിസ്തു സ്നേഹത്താൽ പ്രേരിതയായി സഭ അവിടുത്തോടൊപ്പം അവിടുന്നിൽ തന്റെ പ്രേഷിതയാത്ര തുടരുന്നു. തന്റെ പാത പിന്തുടരാനായി കർത്താവ് എപ്പോഴും എല്ലാക്കാലത്തേ ക്കുമായി വിളിച്ചിരിക്കുന്ന സഭ, 'നിശ്ചലമായ സഭയല്ല, തന്റെ നാഥനോ ടൊപ്പം ലോകത്തിന്റെ തെരുവീഥികളിലൂടെ യാത്ര ചെയ്യുന്ന ഒരു പ്രേഷി തസഭ'യാണ് (2024 ഒക്ടോബർ 27ന് മെത്രാന്മാരുടെ സിനഡിന്റെ ജന റൽ അസംബ്ലിയിലെ പ്രസംഗത്തിൽ നിന്ന്).

കർത്താവായ യേശുവിന്റെ പാതപിന്തുടർന്ന്, ദൈവം നമ്മെ ജീവിക്കാൻ അനുവദിച്ചിട്ടുള്ള ഓരോസ്ഥലത്തും സാഹചര്യത്തിലും അവിടുത്തോടു കൂടെ അവിടുന്നിൽ ഏവർക്കും പ്രത്യാശയുടെ അട യാളങ്ങളും സന്ദേശവാഹകരുമാകാൻ നമ്മളും പ്രചോദിതരാകട്ടെ! ജ്ഞാനസ്നാനം സ്വീകരിച്ചവരെല്ലാം ക്രിസ്തുവിന്റെ പ്രേഷിതശിഷ്യ രെന്നനിലയിൽ ഭൂമിയുടെ അതിർത്തികളോളം അവിടുത്ത പ്രത്യാശ യുടെ തിരി തെളിക്കട്ടെ.

**2. ക്രൈസ്തവർ – ജനതകൾക്കിടയിൽ പ്രത്യാശയുടെ സംവാഹകരും നിർമ്മാതാക്കളും**

കർത്താവായ ക്രിസ്തുവിനെ പിന്തുടരുന്ന ക്രൈസ്തവർ, തങ്ങൾ കണ്ടുമുട്ടുന്നവരുടെ യഥാർത്ഥ ജീവിത സാഹചര്യങ്ങളിൽ പങ്കുചേർന്നു കൊണ്ട് സുവിശേഷം കൈമാറാനും പ്രത്യാശയുടെ സംവാഹകരും നിർമ്മാതാക്കളുമാകാനും വിളിക്കപ്പെട്ടിരിക്കുന്നു. തീർച്ചയായും, 'ഇന്നത്തെ മനുഷ്യരുടെ പ്രത്യേകിച്ച്, ദരിദ്രരുടെയും കഷ്ടതയനുഭവി ക്കുന്നവരുടെയും ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും മിശിഹായുടെ ശിഷ്യരുടെ ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്ര വേദനയും തന്നെയാണ്. മാനുഷികമായി കാണപ്പെടുന്നവയിൽ ഒന്നും തന്നെ അവരുടെ ഹൃദയത്തിൽ പ്രതിധ്വനി ഉയർത്താത്തതാ

യില്ല' (Gaudium et Spes,1). രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ ഈ പ്രസ്താവന എല്ലാക്കാലത്തെയും ക്രൈസ്തവ സമൂഹങ്ങളുടെ മനോഭാവത്തെയും ജീവിതശൈലിയെയും എടുത്തുകാട്ടുകയും സഭാംഗങ്ങളെ നിരന്തരം പ്രചോദിപ്പിച്ചുകൊണ്ട് ലോകത്തിലെ ഇതര സഹോദരങ്ങളോടൊപ്പം യാത്ര ചെയ്യാൻ സഹായിക്കുകയും ചെയ്യുന്നു. ഇവിടെ ഞാൻ ജനതകൾക്കിടയിൽ (ad Gentes) പ്രേഷിത പ്രവർത്തനം നടത്തുന്ന മിഷനറിമാരേ, നിങ്ങളെ പ്രത്യേകമായി അനുസ്മരിക്കുന്നു. നമ്മുടെ കർത്താവിന്റെ വിളി സ്വീകരിച്ചുകൊണ്ട് നിങ്ങൾ ദൈവസ്നേഹം പങ്കുവയ്ക്കാൻ എല്ലാ ജനതകൾക്കിടയിലേക്കും ക്രിസ്തുവിനോടു ചേർന്നു യാത്ര ചെയ്യുന്നു. ഞാൻ നിങ്ങൾക്ക് ഹൃദയപൂർവം നന്ദിപറയിന്നു. എല്ലാ ജനതകളോടും സിവിശേഷം പ്രഘോഷിക്കാൻ തന്റെ ശിഷ്യന്മാരെ അയച്ച ഉത്ഥിതനായ കർത്താവിന്റെ ആഹ്വാനത്തിനുള്ള (Cf.മത്താ28:18-20) മറുപടിയാണ് നിങ്ങളുടെ ജീവിതം. അപ്രകാരം, നിങ്ങൾ പരിശുദ്ധത്മാശക്തിയാലും അനുദിന പരിശ്രമത്താലും സകല ജനതകൾക്കുമിടയിൽ ക്രിസ്തുവിന്റെ പ്രേഷിതരും മഹത്തായ പ്രത്യാശയുടെ സാക്ഷികളുമാകാനുള്ള സാർവത്രിക വിളിയുടെ അടയാളങ്ങളായി നിലകൊള്ളുന്നു.

ഈ പ്രത്യാശയുടെ ചക്രവാളങ്ങൾ ലോകത്തിലെ ക്ഷണികമായവയെല്ലാം അതിജീവിച്ച് നാം ഇപ്പോഴും ജീവിക്കുന്ന ദൈവികസത്യങ്ങളിലേക്കുള്ള വഴി തുറക്കുന്നു. വിശുദ്ധ പോൾ ആറാമൻ പാപ്പാ നിരീക്ഷിച്ചതുപോലെ, ദൈവകരുണയുടെ വരദാനമായ സഭ സകല ജനങ്ങൾക്കുമായി പങ്കുവയ്ക്കുന്ന ക്രിസ്തുവിലുള്ള രക്ഷ മനുഷ്യന്റെ ശാരീരികമോ, ആത്മീയമോ ആയ ഐഹിക ജീവിതത്തെ മാത്രം സ്പർശിക്കുന്ന ഒന്നല്ല കേവലം ഭൗതികങ്ങളായ അഭിലാഷങ്ങളെയും പ്രത്യാശകളെയും ജീവിത കൃത്യങ്ങളെയും മാത്രം ആസ്പദമാക്കി നിലകൊള്ളുന്നതുമല്ല. ഏറ്റവും ദിവ്യമായ പരമസത്തയോടു മനുഷ്യവ്യക്തിയെ ഐക്യപ്പെടുത്തുന്നതിലാണ് അതിന്റെ പൂർത്തീകരണം സ്ഥിതി ചെയ്യുന്നത്. സനാതനവും അതിസ്വാഭാവികവുമായ പ്രസ്തുത സൗഭാഗ്യാസ്വാദനത്തിന്റെ പ്രാരംഭം ഈ ലോകജീവിതത്തിൽത്തന്നെ മനുഷ്യൻ ഏറെക്കുറെ അനുഭവപ്പെടുകയും ചെയ്യും(Evangelii Nuntiandi,27).

മഹത്തായ ഈ പ്രത്യാശയാൽ പ്രചോദിതരായി ക്രൈസ്തവ സമൂഹങ്ങൾക്ക് ഒരു നവമാനവികതയുടെ മുന്നോടിയായിത്തീരാൻ കഴിയും. 'വികസിത' മേഖലകളിൽപ്പോലും മനുഷ്യരെ പ്രതിസന്ധിയിലാക്കുന്ന ഗുരുതരപ്രശ്നങ്ങൾ - അർത്ഥശൂന്യത, ഏകാന്തത, മുതിർന്നവരുടെ ആവശ്യങ്ങളോടുള്ള അവഗണന, സഹായഹസ്തം ആവശ്യമുള്ള അയൽക്കാരനെ അവഗണിക്കുന്ന മനോഭാവം - തുടങ്ങിയവ വ്യാപകമായി കാണാം. സാങ്കതികമായി ഏറെ വളർന്ന രാജ്യങ്ങളിൽപ്പോലും 'സാമീപ്യം' (Proximity) എന്നത് അപ്രത്യക്ഷമായിരിക്കുന്നു. നമ്മളെല്ലാവരും പരസ്പരം കണക്ഷനുള്ളവരാണ്, എന്നാൽ ബന്ധപ്പെട്ടു ജീവിക്കുന്നവരല്ല. നമ്മുടേതന്നെ കാര്യക്ഷമതയോട് നമുക്കുള്ള അമിതാസക്തിയും ഭൗതികവസ്തുക്കളോടും അഭിലാഷങ്ങളോടുമുള്ള ആസക്തിയും നമ്മെസ്വാർത്ഥരും സഹജീവിയെക്കുറിച്ച് ബോധമില്ലാത്തവരുമാക്കുന്നു. എന്നാൽ ഒരു സമൂഹത്തിൽ അനുഭവവേദ്യമാക്കുന്ന സുവിശേഷത്തിന് നമ്മെ സമഗ്രവും ശക്തവുമായ മാനവികതയിലേക്ക് തിരികെ കൊണ്ടുവരാൻ കഴിയും.

അതുകൊണ്ട്, ജൂബിലിയുടെ പ്രഖ്യാപന പ്രബോധനത്തിൽ (ബുള. Nos7-15) പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഏറെ പ്രത്യേകമായി, ദരിദ്രരെയും ദുർബലരെയും രോഗികളെയും മുതിർന്നവരെയും, ഭൗതികതയുടെയും ഉപഭോക്തൃസംസ്കാരത്തിന്റെയും പിടിയിലമർന്ന സമൂഹം അവഗണിച്ചു മാറ്റിനിർത്തിയിരിക്കുന്നവരെയും പ്രത്യേകം പരിഗണിക്കുന്ന കാര്യത്തിൽ, നാമെല്ലാംവരും പ്രവൃത്തിതലത്തിൽ കൊണ്ടുവരണമെന്ന് ഞാൻ വീണ്ടും ആഹ്വാനം ചെയ്യുന്നു. ഇവയെല്ലാം പിതാവായ ദൈവത്തിന്റെ 'ശൈലി'യിൽ നാം നിവർത്തിക്കണം. അതായത്, കരുണയോടും സ്നേഹാർദ്രതയോടെയുള്ള സമീപനത്തിലൂടെ നമ്മുടെ സഹോദരങ്ങളുടെ പ്രത്യേക ജീവിതസാഹചര്യങ്ങളെ മാനിച്ചും അവരുമായി വ്യക്തിപരമായ ബന്ധം വളർത്തിക്കൊണ്ടും നാമത് നിർവഹിക്കണം.(Cf.Evangelii Gaudium,127-128). പലപ്പോഴും പ്രത്യാശയോടെ ജീവിക്കേണ്ടതെങ്ങനെയെന്ന് അവരാണ് നമ്മെ പറിപ്പിക്കുന്നത്. അവരുമായുള്ള വ്യക്തിബന്ധത്തിലൂടെ കർത്താവിന്റെ അനുകമ്പാർദ്രഹൃദയത്തിൽ പങ്കുചേരാനും അതുവഴി നമുക്കു കഴിയും. സുവിശേഷത്തിന്റെ പ്രരംഭ പ്രഘോഷണത്തിന്റെ കാതൽ ക്രിസ്തുവിന്റെ ഹൃദയമാണ് (Dilexit

Nos,32) എന്ന് ഇതിലൂടെ നമുക്കു ബോധ്യമാകും. ദൈവത്തിൽനിന്ന് നമ്മൾ വിനയപൂർവം സ്വീകരിച്ച പ്രത്യാശ, ഈ ഉറവിടത്തിൽനിന്ന് ശേഖരിച്ച് സാധുതയോടെ പങ്കുവയ്ക്കാനും (Cf.1 പത്രോ 1-21) ദൈവം നമ്മെ ആശ്വസിപ്പിച്ച അതേ ആശ്വാസം മറ്റുള്ളവരിലേക്ക് പകരുവാനും നമുക്കാവും (Cf. 2കോറി1:3-4). നമ്മെയെല്ലാം തന്റെ സ്നേഹത്തിലേക്ക് ആകർഷിക്കുന്ന ദൈവം, യേശുവിന്റെ മാനുഷികവും ദൈവികവുമായ ഹൃദയത്തിലൂടെ ഓരോ വ്യക്തിയുടെയും ഹൃദയത്തോടു സംസാരിക്കാൻ ആഗ്രഹിക്കുന്നു. ക്രിസ്തുവിന്റെ ഹൃദയത്തിന്റെ അടയാളവും പിതാവിന്റെ സ്നേഹത്തിന്റെ പ്രതീകവുമായി നിന്നുകൊണ്ട് ലോകത്തെ മുഴുവൻ സ്നേഹത്തിലേക്ക് ചേർത്തുപിടിക്കാനായി നമ്മൾ അയക്കപ്പെട്ടിരിക്കുന്നു (പൊന്തിഫിക്കൻ മിഷൻ സൊസൈറ്റി ജനറൽ അസംബ്ലിയിൽ പങ്കെടുത്തവരോട് നടത്തിയ പ്രസംഗത്തിൽ നിന്ന്, ജൂൺ 3 2023).

**3. പ്രത്യാശയുടെ ദൗത്യത്തെ പുതുക്കൽ**

പ്രത്യാശയുടെ ദൗത്യത്തിന്റെ അടിയന്തിര സ്വഭാവത്തെ നോക്കിക്കാണുന്ന ക്രിസ്തുശിഷ്യർ, ഇന്ന് പ്രധാനമായും വിളിക്കപ്പെട്ടിരിക്കുന്നത് പ്രത്യാശയുടെ 'ശില്പികൾ' ആകാനും അലസരും അസംതൃപ്തരുമായ മനുഷ്യസമൂഹത്തെ പുനരുദ്ധരിക്കാനുമാണ്.

ഈ ലക്ഷ്യപ്രാപ്തിക്കായി, ഉത്ഥാനത്തിന്റെ ആത്മീയത അനുഭവവേദ്യമാക്കുന്ന ഓരോ ദിവ്യകാരുണ്യ ആഘോഷത്തിലും വളരെ പ്രത്യേകമായി, ആരാധനവത്സരത്തിന്റെ കേന്ദ്രവും പൂർണതയുമായ ഈസ്റ്റർ ത്രിദിനജാഗരണത്തിലും (Easter Triduum) നമ്മൾ നവീകൃതരാകേണ്ടതുണ്ട്.

നമ്മളെല്ലാവരും ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ അടയാളമായ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും, ചരിത്രത്തിന്റെ നിത്യതയുടെ വസന്തകാലം അടയാളപ്പെടുത്തുന്ന പെസഹാരഹസ്യങ്ങലിലേക്കുള്ള സ്നാനം സ്വീകരിച്ചവരാണ്. അതുവഴി നമ്മൾ തന്നെ, എല്ലാലരോടും പങ്കുവയ്ക്കേണ്ട പ്രത്യാശയാൽ നിറഞ്ഞവരും മരണമോ വെറുപ്പോ മനുഷ്യജീവിതത്തിന്റെ അവസാന വാക്കല്ലെന്ന് വിശ്വസിക്കുകയും അറിയുകയും ചെയ്യുന്ന 'വസന്തകാലത്തിലെ ജനവും ആകുന്നു'

(Cf.Catechesis, 23 ആഗസ്റ്റ് 2017). ആരാധനക്രമ ആഘോഷങ്ങളിലൂടെയും കുദാശകളിലൂടെയും സന്നിഹിതമാകുന്ന പെസഹാരഹസ്യങ്ങളിൽനിന്ന്, ലോകമെമ്പാടും ആവേശത്തോടും നിശ്ചയദാർഢ്യത്തോടും സഹിഷ്ണുതയോടുംകൂടെ സുവിശേഷപ്രഘോഷണ ദൗത്യത്തിന്റെ ശുശ്രൂഷ ചെയ്യാൻ പരിശുദ്ധാത്മാശക്തിയെ നിരന്തരം നാം സ്വീകരിക്കുന്നു. " ഉത്ഥിതനും മഹത്വീകൃതനുമായ ക്രിസ്തു തന്നെയാണ് നമ്മുടെ പ്രത്യാശയുടെ ഉറവിടം. അനിടുന്ന് നമ്മെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യം നിർവഹണത്തിനാവശ്യമായ സഹായം നമുക്കൊരിക്കലും അവിടുന്ന് നഷ്ടപ്പെടുത്തുകയില്ല'' (Evangelii Gaudium, 275) ദൈവത്തിന്റെ ദാനവും ക്രൈസ്തവരുടെ കടമയുമായ ആ വിശുദ്ധ പ്രത്യാശ ക്രിസ്തുവിൽ നാം ജീവിക്കുകയും അതിന് സാക്ഷ്യം നല്കുകയും ചെയ്യുന്നു.(Hope is A Light in The Night, Vatican Citty, 2024.7).

പ്രാർത്ഥിക്കുന്ന മനുഷ്യർ പ്രത്യാശയുടെ പ്രേഷിതരാണ്. 'പ്രത്യാശിക്കുന്നവൻ പ്രാർത്ഥിക്കുന്നവനാന്' എന്ന് ആത്മീയ പിതാവായ വാഴ്ത്തപ്പെട്ട കർദിനാൾ ഫ്രങ്കോ സവിയേ വാൻതുവാൻ (Francis Van Thuan) പറയുകയുണ്ടായി. ദാർഘകാലം ജയിലിൽ കഴിയുമ്പോഴും വിശ്വസത്തോടെയുള്ള പ്രാർത്ഥനയിലും ദിവ്യകാരുണ്യത്തിന്റെ ശക്തിയിലും തന്നെയാണ് അദ്ദേഹം പ്രത്യാശയർപ്പിച്ച് ഉറച്ചു നിന്നത് (Cf. The Road of Hope, Boston, 2001, 963). നമ്മുടെ പ്രഥമപ്രേഷിത ദൗത്യം പ്രാർത്ഥനയാനെന്നും 'പ്രത്യാശയുടെ ആദ്യ ശക്തി' പ്രാർത്ഥന തന്നെയാണെന്നും നാം മറന്നുകൂടാ (Cf. Catechesis,മെയ് 20,2020).

അതിനാൽ നമുക്ക് പ്രാർത്ഥിച്ചുകൊണ്ട് ആരംഭിക്കാം. ദൈവവചനത്തിൽ അധിഷ്ഠിതമായ ഏറെ പ്രത്യേകിച്ച്, പരിശുദ്ധാത്മാവ് രചയിതാവായുള്ള സങ്കീർത്തനങ്ങൾ എന്ന പ്രാർത്ഥനാസമാഹാരം വഴി പ്രത്യാശയുടെ പ്രേശിതദൗത്യത്തെ നമുക്ക് നവീകരിക്കാം (Cf. Catechesis, ജൂൺ 19,2024). കഷ്ടതകൾ നിറഞ്ഞ കാലത്തിലും നമ്മൾ പ്രത്യാശ വെടിയാതിരിരക്കാനും നമുക്കു ചുറ്റുമുള്ള പ്രത്യാശയുടെ അടയാളങ്ങളെ എപ്പോഴും തിരിച്ചറിയാനും ദൈവം എല്ലാ ജനതകളിലും മഹത്വപ്പെടണം എന്ന നിരന്തരമായ പ്രേഷിത താല്പര്യത്തിൽ ആയിരുന്നുകൊണ്ടും മുന്നോട്ടു യാത്രചെയ്യാൻ സങ്കീർത്തനങ്ങൾ നമ്മെ പരിശീലിപ്പിക്കുന്നു.(Cf.സങ്കീ 41:12; 67: 4).

ദൈവം നമ്മിൽ തെളിച്ച പ്രത്യാശയുടെ ദീപം പ്രാർത്ഥനയിലൂടെയും പ്രാർത്ഥന നമ്മെ പ്രചോദിപ്പിക്കുന്ന പുണ്യപ്രവൃത്തികളും സത്കർമ്മങ്ങൾ വഴിയും എപ്പോഴും ജ്വലിച്ചുകൊണ്ടിരിക്കുന്നു. അത് അഗ്നിയായി പടരുകയും അതുവഴി നമുക്ക് ചുറ്റുമുള്ളവരെയും പ്രകാശിപ്പിക്കാനും ജ്വലിപ്പിക്കാനും ആശ്വസിപ്പിക്കാനും നമ്മെ പ്രാപ്തരാക്കുകയും ചെയ്യട്ടെ!

അവസാനമായി, സുവിശേഷപ്രഘോഷണം എപ്പോഴും എക്കാലത്തിലും, ക്രിസ്തീയപ്രത്യാശ പോലെതന്നെ, സമൂഹികമായ ഒരു പ്രക്രിയയാണ് (Cf. Benedict XVI, Spe Salvi, 41). ഈ പ്രക്രിയ സുവിശേഷത്തിന്റെ പ്രാരംഭ പ്രഘോഷണത്തിലോ, ജ്ഞാനസ്നാനത്തിലോ മാത്രം അവസാനിക്കുന്നില്ല. മറിച്ച്, ജ്ഞാനസ്നാനം സ്വീകരിച്ചവർ തങ്ങളുടെ സുവിശേഷ പ്രഘോഷണ പാതയിലെ കൂട്ടായ്മകൾ വഴി ക്രൈസ്തവ സമൂഹങ്ങൾക്ക് രൂപം കൊടുക്കുന്നതിലൂടെയും പണിതുയർത്തുന്നതിലും തുടരുന്നു. ആധുനിക സമൂഹത്തിൽ സഭയിൽ അംഗത്വം ഒരിക്കലും ഒരിക്കൽമാത്രം നേടിയെടുക്കാവുന്ന ഒന്നല്ല; മറിച്ച്, ക്രിസ്തുവിലുള്ള പക്വമായ വിശ്വാസം കൈമാറുന്നതിനും രൂപപ്പെടുത്തുന്നതിനുമായുള്ള പ്രേഷിതദൗത്യം 'സഭയുടെ എല്ലാ പ്രവർത്തനങ്ങൾക്കും മാതൃകയും' (Evangelii Gaudium,15). പ്രാർത്ഥനയുടെയും പ്രവൃത്തിയുടെയും ഐക്യം ആവശ്യപ്പെടുന്ന ഒരു കാര്യവുമാണ്. ഇവിടെ ഞാൻ വീണ്ടും ഒരിക്കൽകൂടെ, പ്രേഷിതദൗത്യ നിർമ്മാണത്തിലെ സഭയുടെ സിനഡാലിറ്റിയുടെ പ്രാധാന്യവും മിഷനറി ഉത്തരവാദിത്വം പ്രോത്സാഹിപ്പിക്കുന്നതിലും പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ ചെയ്യുന്ന മഹത്തായ സേവനവും എടുത്തു പറയട്ടെ. നിങ്ങളുടെ ജീവിത സാക്ഷ്യവും പ്രാർത്ഥനയും ബലിയർപ്പണവും സാമ്പത്തിക സഹായവും വഴി സഭയുടെ സുവിശേഷവത്കരണ ദൗത്യത്തിൽ നിങ്ങളെല്ലാവരും കുട്ടികളും യുവാക്കളും വാർദ്ധക്യത്തിലെത്തിയവരും, പങ്കുചേരാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ ഞാൻ നിങ്ങൾക്കു നന്ദിപറയുന്നു!

പ്രിയ സഹോദരിസഹോദരന്മാരേ, നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിന്റെ മാതാവായ മറിയത്തിലേക്കു നമുക്കു തിരിയാം. ഈ ജൂബിലിവർഷാചരണത്തിലും വരാനിരിക്കുന്ന വർഷങ്ങളിലേക്കുള്ള

നമ്മുടെ പ്രാർത്ഥനകളെ നാം അവൾക്ക് ഭരമേല്പിക്കുന്നു. ക്രൈസ്തവ പ്രത്യാശയുടെ പ്രകാശം ദൈവസ്നേഹത്തിന്റെ സന്ദേശമായി സ്ത്രീപുരുഷഭേദമെന്യ നമ്മുടെ എല്ലാവരുടെയും ജീവിതത്തെ പ്രകാശിപ്പിക്കട്ടെ. പ്രത്യാശയുടെ ഈ സന്ദേശത്തിന് സഭ ലോകമെമ്പാടും വിശ്വസ്തതയോടെ സാക്ഷ്യം വഹിക്കാൻ ഇടവരട്ടെ! (Spes Non Confundit,6).

**ഫ്രാൻസിസ് പാപ്പാ**

Rome, Saint John Lateran, 25 January 2025.
Feast of Conversion of St. Paul the Apostle)



Prot. No. 0652/2025

# സിനഡനന്തര സർക്കുലർ

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും**

വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിമൂന്നാമതു സിനഡിന്റെ രണ്ടാം സമ്മേളനം 2025 ആഗസ്റ്റ് 18 മുതൽ 29 വരെ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടക്കുകയുണ്ടായി. സീറോമലബാർസഭയെ ഏറെ സ്നേഹിക്കുകയും സഭയുടെ വളർച്ചയ്ക്കായി പുതിയ സാധ്യതകൾ തുറന്നുതരികയുംചെയ്ത പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗവും, പൗരസ്ത്യസ കളുടെ ദൗത്യത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ ഉള്ള ലെയോ പതിനാലാമൻ മാർപാപ്പയുടെ സ്ഥാനാരോഹണവും ആദരവോടെ അനുസ്മരിച്ചുകൊണ്ടാണു സിനഡു സമ്മേളനം ആരംഭിച്ചത്. പ്രതിസന്ധികളും വെല്ലുവിളികളും ഏറെയാണെങ്കിലും, നമ്മുടെ കർത്താവു നമ്മെ രമേല്പിച്ച ദൗത്യനിർവഹണത്തിനായി അക്ഷീണം പരിശ്രമിക്കാൻ സഭകടപ്പെട്ടിരിക്കുവെന്ന തിരിച്ചറിവോടെയാണു പിതാക്കന്മാർ പ്രാർഥനയിലും പരിചിന്തനങ്ങ ളിലും മുഴുകിയത്.

**മതസ്വാതന്ത്ര്യം ഭാരത സംസ്കാരത്തിന്റെ അനിവാര്യ ഘടകം**

'നാനാത്വത്തിൽ ഏകത്വം എന്ന തത്വത്തിൽ അധിഷ്ഠിതമായി ജാതി മത വർക്ഷ വർണ്ണ വ്യത്യാസമില്ലാതെ എല്ലാവർക്കും സ്വാതന്ത്ര്യം അനുവദിച്ച സംസ്കാരമാണു ഭാരതത്തിന്റേത്. നമ്മുടെ രാജ്യത്തിന്റെ അഖണ്ഡതയ്ക്കു ഭംഗം വരുത്താത്ത രീതിയിൽ ഓരോ വ്യക്തിക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അത് ജീവിക്കാനും, പ്രചരിപ്പിക്കാനും ഭാരതത്തിന്റെ ഭരണഘടന സ്വാതന്ത്ര്യം നൽകുന്നുണ്ട്. നൂറ്റാണ്ടുകളായി മിഷനറിപ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ താഴെത്തട്ടിൽ ഉള്ളവരുടെ ഉന്നമനത്തിനായി ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹികമേഖലകളിൽ ക്രൈസ്തവർ നല്കിയ സംഭാവനകൾ പാടെ തമസ്കരിച്ച് അതിനെ കേവലം മതവിഷയം മാത്രമാക്കി ചുരുക്കുന്ന വർഗീയ അജണ്ടകൾ തികച്ചും ദൗർഭാഗ്യകരമാണ്. രാഷ്ട്ര നിർമാണത്തിൽ ക്രൈസ്തവരുടെ പങ്കിനെ വിസ്മരിച്ചുകൊണ്ടു നമുക്കെതിരേ വിവേചനങ്ങളും വിദ്വേഷ പ്രചരണങ്ങളും

നടക്കുന്നതും നമ്മുടെ വൈദികർക്കും സമർപ്പിതർക്കും അല്മായപ്രേഷിതർക്കും സഞ്ചാരസ്വാതന്ത്ര്യംപോലും പലയിടങ്ങളിലും നിഷേധിക്കപ്പെടുന്നതും മൗലികാവകാശ ങ്ങളുടെ ലംഘനമാണ്. മിശിഹായുടെ സ്നേഹത്തെപ്രതി തങ്ങളുടെ ജീവിതങ്ങൾ സഭയ്ക്കും സമൂഹത്തിനുമായി സമർപ്പിക്കുന്ന എല്ലാ പ്രേഷിതരെയും സീറോമലബാർസഭ അഭിമാനത്തോടെ ഓർക്കുന്നു. "മിശിഹായുടെ സ്നേഹത്തിൽനിന്ന് ആരു നമ്മെ വേർപെടുത്തും; ക്ലേശമോ ദുരിതമോ പീഡനമോ നഗ്നതയോ ആപത്തോ പട്ടിണിയോ വാളോ?... നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലെല്ലാം നാം പൂർണ വിജയം വരിക്കുന്നു" (റോമാ 8:35-37) എന്ന തിരുവചനം നമ്മെ ശക്തിപ്പെടുത്തട്ടെ!

**ഐക്യം നിലനിർത്തുക നമ്മുടെ കർത്തവ്യമാണ്**

'മിശിഹായിൽ നാമെല്ലാം ഒന്നാണ് (*In Illo Uno Unum*) എന്നതാണല്ലോ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പയുടെ ആപ്തവാക്യം. ഒരേ സഭയിൽ നാമെല്ലാം ഒന്നായിരിക്കുന്നതാണ് ഏറ്റവും വലിയ സുവിശേഷപ്രഘോഷണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപതകൾ സ്ഥാപിക്കാനും അജപാലനസൗകര്യങ്ങൾ ഏർപ്പെടുത്താനും സാധിച്ചപ്പോഴും പരിശുദ്ധ കുർബാനയുടെ അർപ്പണത്തെ സംബന്ധിച്ചു നിലനിന്നിരുന്ന വ്യത്യസ്തതകൾ നമ്മുടെ ഐക്യബോധത്തെ ദോഷകരമായി ബാധിച്ചിരുന്നു. ഇതിനു പരിഹാരമായിട്ടായിരുന്നു സിനഡു തീരുമാനിച്ചതും ശ്ലൈഹിക സിംഹാസനം അംഗീകരിച്ചതുമായ ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലാക്കാൻ സഭ ആഗ്രഹിച്ചത്. അതിൻപ്രകാരം ഏകീകൃത കുർബാനയർപ്പണരീതി പൂർണമായി നടപ്പിലാക്കിയ രൂപതകളെയും ഇടവകകളെയും സഭ നന്ദിയോടെ അനുസ്മരിക്കുന്നു. പരിശുദ്ധ പിതാവ് അന്തിമ തീരുമാനം അറിയിച്ചുകഴിഞ്ഞ ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി സീറോമലബാർസഭയിൽ ഉടനീളം മാറ്റമില്ലാതെ തുടരേണ്ടതാണ്. 2025 ജൂൺ 26-ാം തീയതി എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു മാത്രമായി നല്കപ്പെട്ട സർക്കുലർ ഈ തീരുമാനത്തിന്റെ തുടർച്ചയാണ്. പ്രസ്തുത സർക്കുലർപ്രകാരം ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഏകീകൃതരീതിയിൽ ഒരു വിശുദ്ധ കുർബാന വീതം ചൊല്ലിത്തുടങ്ങിയ അതിരൂപതയിലെ വൈദികരെ സിനഡു നന്ദിയോടെ ഓർമിക്കുന്നു. ഏകീകൃത കുർബാനയർപ്പണരീതി ഘട്ടം ഘട്ടമായി നടപ്പിലാക്കി ഐക്യത്തിലേക്കു വളർത്താനുള്ള ഉത്തരവാദിത്വം മേജർ ആർച്ചുബിഷപ്പിനെയും അതിരൂപതയ്ക്കുവേണ്ടി യുള്ള വികാരിയെയും വികാരിയെയും സിനഡു ചുമതലപ്പെടുത്തി.

ആരാധനക്രമത്തിലെ അനൈക്യം നമ്മെ എല്ലാവരെയും ഏറെ വേദനിപ്പിക്കുന്നു. ആരെയും മുറിപ്പെടുത്തിക്കൊണ്ടു യഥാർത്ഥ ഐക്യം

സാധ്യമാക്കാനാവാത്തതിനാൽ പരസ്പരം മുറിപ്പെടുത്തുന്നവരാകാതെ സുഖപ്പെടുത്തുകയും ബലപ്പെടുത്തുകയും ചെയ്യുന്നവരാകാൻ നമുക്കു പരിശ്രമിക്കാം. ഏകീകൃത ആരാധനക്രമത്തെ സംബന്ധിച്ചു നിലനില്ക്കുന്ന ഭിന്നതകൾ പരിഹരിക്കാനുള്ള ആദ്യവഴി, പരിശുദ്ധ റൂഹായെ ശ്രവിച്ചു സഭയ്ക്കു വിധേയപ്പെടുകയും വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള അനുരഞ്ജനം സാധ്യമാക്കുകയുമാണ്. വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്ക് ഓർമിക്കാം: "അവൻ നമ്മുടെ സമാധാനമാണ്; അവൻ ഇരുകൂട്ടരെയും ഒരുമിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്തു" (എഫേസൂസ് 2:14). അതിനാൽ, വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള അകല്ച്ചകൾ ഇല്ലാതാക്കി എല്ലാവരെയും അനുരഞ്ജനത്തിലേക്കു നയിക്കാൻ സഭ മുഴുവനും പ്രതിജ്ഞാബദ്ധമാണ്. പരിശുദ്ധ പിതാവു ഫ്രാൻസിസ് പാപ്പ നമ്മുടെ സഭയ്ക്കു നല്കിയ സന്ദേശത്തിൽ പറഞ്ഞതുപോലെ; 'ഐക്യം നിലനിറുത്തുന്നത് ഒരു നല്ല ഉപദേശം മാത്രമല്ല കർത്തവ്യവുമാണ് . ഐക്യം നിലനിറുത്താനുള്ള കർത്തവ്യം ഓരോ വിശ്വാസിക്കും ഉണ്ടെന്നതു നമുക്കു തിരിച്ചറിയാം.

**പരിശുദ്ധ കുർബാനയോടുള്ള സ്നേഹത്തിൽ വളരാം**

ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും മകുടവുമാണു പരിശുദ്ധ കുർബാന. നമ്മുടെ കർത്താവു പാപികളും അയോഗ്യരുമായ നമ്മിലേക്കു കടന്നുവരുന്ന അമൂല്യ നിമിഷങ്ങളാണ് വിശുദ്ധ കുർബാനയിൽ നാം അനുഭവിക്കുന്നത്. അത്യാദരവോടും ഭക്തിയോടും കൂടെ വേണം പരിശുദ്ധ കുർബാനയെ സമീപിക്കാൻ. നമ്മുടെ സഭയിൽ പരിശുദ്ധ കുർബാനയെ അവഹേളിക്കുന്ന ചില സംഭവങ്ങൾ ഉണ്ടായതു നമ്മെ ഏറെ വേദനിപ്പിക്കുകയും അനേകർക്ക് ഉതപ്പിനു കാരണമാകുകയും ചെയ്തിട്ടുണ്ട്. ഇതിനു മാനുഷികമായ പരിഹാരങ്ങൾ അപര്യാപ്തമാണെങ്കിലും പരിശുദ്ധ കുർബാനയോടുള്ള ശക്തിയിൽ വളരാനും പരിശുദ്ധ കുർബാനയ്ക്കുനേരേ ഉണ്ടായ അവഹേളനത്തിനു പരിഹാരം ചെയ്യാനുമായി 2025 സെപ്റ്റംബർ 12 വെള്ളിയാഴ്ച സീറോമലബാർസഭ മുഴുവനിലും ഒരു മണിക്കൂർ വിശുദ്ധകുർബാനയുടെ ആരാധനനടത്താൻ ഞാൻ എല്ലാവരെയും ആഹ്വാനംചെയ്യുന്നു.

**സഭയുടെ സിനഡാത്മകത**

സഭാജീവിതത്തെ പുതിയ കാലത്തിനനുസരിച്ചു നിർവചിച്ച സുപ്രധാനമായൊരു കാൽവയ്പ്പായിരുന്നു 2023, 2024 വർഷങ്ങളിൽ റോമിൽ നടന്ന സിനഡാലിറ്റിയെക്കുറിച്ചുള്ള സിനഡു സമ്മേളനങ്ങൾ. സഭയിൽ നാമെല്ലാം സഹയാത്രികരാണെന്നുള്ള തിരിച്ചറിവോടെ, ക്രിയാത്മകമായ ശ്രവണത്തിന്റെയും ആശയവിനിമയത്തിന്റെയും വേദികളാക്കി

സഭാഘടകങ്ങളെ മാറ്റാനുള്ള മാർഗങ്ങളെക്കുറിച്ചു സിനഡു പഠിക്കുകയും വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തി, സാധിക്കുന്നവരെയെല്ലാം ശ്രവിച്ചു അനുയോജ്യമായ കർമ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ രൂപതകളെ ചുമതലപ്പെടുത്തുകയും ചെയ്തു.

### സമുദായ ശക്തീകരണവർഷം - 2026

